പരിഹാരം ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അവർക്ക് ത്വരിതഗതിയിൽ സംരക്ഷണം നൽകണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി (ശ്രീ. എം.കെ. രാഘവൻ): സർ, കല്ലട ജലസേചനപദ്ധതിയുടെ ഭാഗികമായ ഉൽഘാടനം അടുത്ത വർഷം ജൂൺ അവസാനത്തിൽ നടത്തണമെന്നാണ് പരിപാടിയിട്ടിരിക്കുന്നത്. അതനുസരിച്ച് ജോലികളും തീർന്നുകൊണ്ടിരിക്കുകയാണ്. അങ്ങിനെ ഭാഗികമായിട്ട് നടപ്പിൽ വരുമ്പോഴേ വെള്ളംകെട്ടിനിൽക്കാൻ ഇടവരുന്ന സ്ഥലത്തെ 277 കുടുംബങ്ങളെ മാറ്റി താമസിപ്പിക്കേണ്ടതായിട്ടുണ്ട്. ആ 277 കുടുംബങ്ങളെ മാറ്റി താമസിപ്പിക്കുന്നതിന് ആവശ്യമായ സ്ഥലം ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറുമായി ആലോചിച്ച് തീർച്ചപ്പെടുത്തുകയും ആവശ്യമായ നടപടികളും സ്വീകരിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുള്ളതുമാണ്. സർ, ഇതിനകംതന്നെ വളരെയേറെ നടപടികളും സ്വീകരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ ഇത് വളരെ സത്വരമായ നടപടിക്ക് വിധേയമാക്കുന്നതിന് മന്ത്രി തന്നെ രണ്ടുപ്രാവശ്യം സ്ഥലത്തുപോവുകയും അവിടെ അധിവസിക്കുന്ന ആളുകളെ നേരിട്ട് കാണുകയും അത് കമ്മീഷൻ ചെയ്യുന്നതിനുമുമ്പുതന്നെ അവരെ മാറ്റി താമസിപ്പിക്കുന്നതിനുള്ള നടപടിയും എടുത്തുകഴിഞ്ഞതാണ്. അതിവർഷം മൂലം അവിടെ വെള്ളം കെട്ടിക്കിടക്കാൻ ഇടവന്നാൽ തൽക്കാലം താമസിപ്പിക്കുന്നതിനുപോലും ഉള്ള ഇടപാടുകളും ചെയ്തിരിക്കുകയാണ്, അതുകൊണ്ട് അടുത്ത ജൂൺമാസത്തിനുമുൻപായി അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള എല്ലാ ഇടപാടുകളും പൂർത്തിയാകും എന്നുള്ളതിന് സംശയമില്ല. കുളത്തൂപ്പുഴ ഹൈസ്കൂളിന് സമീപമുള്ള കല്ലുവെട്ടാൻകുഴിയെന്നു പറയുന്ന സ്ഥലത്ത് 317 ഏക്കർ സ്ഥലമാണ് ഇവർക്ക് കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ 243 പേർക്ക് ഒരേക്കറിൽ കുറഞ്ഞ സ്ഥലം കൈവശമുള്ളവരാണ്. 27 പേർ മാത്രമാണ് ഒരേക്കർ ഉള്ളവർ. 13 പേർക്കുമാത്രമാണ് 3 ഏക്കറും അതിൽ കൂടുതലും ഉള്ളത്, ഒരേക്കറിൽ താഴെയുള്ളവർക്ക് ഒരേക്കറും അതിന് മുകളിലുള്ളവർക്ക് ഒരേക്കർ മുതൽ മൂന്നേക്കർവരെ പരമാവധി കൊടുക്കുന്നതിനുള്ള വ്യവസ്ഥ ചെയ്തിട്ടാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് മെമ്പറുടെ ആശങ്കയ്ക്ക് അടിസ്ഥാനമുണ്ടെന്നുള്ള വിശ്വാസം ഞങ്ങൾക്ക് ഇല്ല. എല്ലാ നടപടികളും തുടങ്ങുന്നതിനുമുമ്പായി അവരെ പുനരധിവസിപ്പിക്കാൻ സാധിക്കുന്നതാണ്.

IV. മേശപ്പുറത്തു വച്ച കടലാസ്സുകൾ

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, ഞാൻ താഴെ പറയുന്ന കടലാസ്സുകൾ മേശപ്പുറത്തു വയ്ക്കുന്നു:

(1) 1979 ജൂൺ 5-ാംതീയതിയിലെ ജി.ഒ. (പി) നമ്പർ 321/79/ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 677/79).

(2) 1979 ഏപ്രിൽ 12-ാം തീയതിയിലെ ജി. ഒ. (എം.എസ്.) നമ്പർ 252/79/ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 522/79).

(3) 1979 ജൂലായ് 5-ാം തീയതിയിലെ ജി.ഒ. (എം.എസ്.) നമ്പർ 367/79/ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 821/79).

LIBRARY ARCHIVES Kerala Legislative Assembly

(4) 1979 ജൂൺ 12-ാം തീയതിയിലെ ജി.ഒ. (പി.) നമ്പർ 325/79/ ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 719/79).

(5) 1979 ഏപ്രിൽ 20-ാം തീയതിയിലെ ജി.ഒ. (എം.എസ്.) നമ്പർ 56/79/ഹോം (എസ്.ആർ.ഒ. നമ്പർ 566/79).

(6) കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ 1975 ഏപ്രിൽ 1 മുതൽ 1976 മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലെ പ്രവർത്തന റിപ്പോർട്ട്, ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള സംഗതികളിൽ കമ്മീഷന്റെ ഉപദേശം സ്വീകരിക്കാതിരുന്നതിനുണ്ടായ കാരണങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള മെമ്മോറാണ്ടത്തോടുകൂടി.

(7) 1979 ജൂലായ് 7-ാം തീയതിയിലെ ജി.ഒ. (പി.) നമ്പർ 375/79/ ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 822/79).

(8) 1979 ജൂൺ 20-ാം തീയതിയിലെ ജി.ഒ. (എം.എസ്.) നമ്പർ 341/79/ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 695/79).

(9) 1979 ജൂൺ 20-ാം തീയതിയിലെ ജി.ഒ. (എം. എസ്.) നമ്പർ 340/79/ ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 694/79).

(10) 1979 മേയ് 9-ാം തീയതിയിലെ ജി.ഒ. (പി.) നമ്പർ 282/79/ ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 616/79).

(11) 1979 മേയ് 9-ാം തീയതിയിലെ ജി.ഒ. (പി.) നമ്പർ 283/79/ ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 624/79).

(12) 1979 ഏപ്രിൽ 7-ാം തീയതിയിലെ ജി.ഒ. (എം.എസ്.) നമ്പർ 244/79/ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 457/79).

(13) 1979 മാർച്ച് 6-ാം തീയതിയിലെ ജി.ഒ. (എം.എസ്.) നമ്പർ 144/79/ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 374/79).

(14) 1976 ഒക്ടോബർ 23-ാം തീയതി പരവൂരിൽ നടന്നതായി ആരോപിക്കപ്പെട്ട പോലീസ് ബലപ്രയോഗത്തിനെപ്പറ്റി കൊല്ലം ജില്ലാ കളക്ടർ ശ്രീ. ബാബു ജേക്കബ് എൻകയറി കമ്മീഷന്റെ റിപ്പോർട്ടും റിപ്പോർട്ടിൻമേൽ സർക്കാർ സ്വീകരിച്ച നടപടിയടങ്ങുന്ന മെമ്മോറാണ്ടത്തിന്റെ പകർപ്പും.

(15) 1977 മേയ് 20, 21-ാം തീയതി രാത്രി സമയത്ത് പൊന്നാനി ടൗണിൽ നടന്ന പോലീസ് ബലപ്രയോഗത്തിനെപ്പറ്റി ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജി ശ്രീ പി. കെ. ലക്ഷ്മണൻ എൻകയറി കമ്മീഷന്റെ റിപ്പോർട്ടും റിപ്പോർട്ടിൻമേൽ സർക്കാർ സ്വീകരിച്ച നടപടിയെപ്പറ്റിയുള്ള മെമ്മോറാണ്ടത്തിന്റെ പകർപ്പും.

(16) 1978 ഫെബ്രുവരി 7-ാം തീയതി പൂന്തുറയിൽ നടന്ന പോലീസ് വെടിവയ്പിനെപ്പറ്റി റിട്ടയേർഡ് ജസ്റ്റിസ് ശ്രീ. പി. ഗോവിന്ദമേനോൻ എൻകയറി കമ്മീഷന്റെ റിപ്പോർട്ടും റിപ്പോർട്ടിൻമേൽ സർക്കാർ സ്വീകരിച്ച നടപടിയെപ്പറ്റിയുള്ള മെമ്മോറാണ്ടത്തിന്റെ പകർപ്പും.

(17) 1979 ജൂലൈ 9-ാം തീയതിയിലെ ജി.ഒ. (പി.) നമ്പർ 376/79 ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 883/79).

LIBRARY ARCHIVES Kerala Legislative Assembly

(18) 1979 മേയ് 18-ാം തീയതിയിലെ ജി.ഒ. (പി.) നമ്പർ 297/79/ ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 639/79).

(19) 1979 ഏപ്രിൽ 7-ാം തീയതിയിലെ ജി.ഒ. (പി.) നമ്പർ 245/79 ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ. 483/79).

(20) 1979 ഏപ്രിൽ 17-ാം തീയതിയിലെ ജി.ഒ. (എം.എസ്.) നമ്പർ 256/79/ ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 492/79).

സർ, താഴെപ്പറയുന്ന കടലാസ്സുകൂടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

(21) 1979 ഫെബ്രുവരി 13-ാം തീയതിയിലെ ജി.ഒ. (എം.എസ്.) നമ്പർ 103/79/ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 239/79).

(22) 1979 ഫെബ്രുവരി 17-ാം തീയതിയിലെ ജി.ഒ. (എം.എസ്.) നമ്പർ 104/79/ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 240/79).

റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി (ശ്രീ. ബേബിജോൺ): സർ, താഴെപ്പറയുന്ന കടലാസ്സുകൂടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

(1) 1979 ജൂലൈ 24-ാം തീയതിയിലെ നോട്ടിഫിക്കേഷൻ നമ്പർ 44900/എൻ 1/79/ആർ. ഡി. (എസ്. ആർ. ഒ. നമ്പർ 869/79).

(2) 1979 ജൂൺ 29-ാം തീയതിയിലെ നോട്ടിഫിക്കേഷൻ നമ്പർ 37243/എൻ 3/77/ആർ. ഡി. (എസ്. ആർ. ഒ. നമ്പർ 742/79).

(3) 1979 ജൂൺ 19-ാം തീയതിയിലെ നോട്ടിഫിക്കേഷൻ നമ്പർ 32120/എൻ1/79/ആർ. ഡി. (എസ്. ആർ. ഒ. നമ്പർ 708/79)

(4) കേരള ലാൻഡ് ബോർഡിന്റെ 1979 മാർച്ച് 9-ാം തീയതിയിലെ പ്രൊസീഡിംഗ്സ് നമ്പർ എൽ. ബി. (എഫ്) എ 5. 14947/79.

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ് മന്ത്രി (ശ്രീ. ഭാസ്കരൻ കാളാശ്ശേരി): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൂടി മേശപ്പുറത്തു വയ്ക്കുന്നു:

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ 1977-78 വർഷത്തെ അഞ്ചാം വാർഷിക റിപ്പോർട്ടും കണക്കുകളും.

വിദ്യാഭ്യാസ വകുപ്പ് മന്ത്രി (ശ്രീ. സി. എച്ച് മുഹമ്മദുകോയ): സർ, താഴെപറയുന്ന കടലാസ്സുകൂടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

(1) 1978 ഒക്ടോബർ 28-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 150/78/ജനറൽ എഡ്യൂക്കേഷൻ (എസ്. ആർ. ഒ. നമ്പർ 1171/78).

(2) 1979 ഫെബ്രുവരി 9-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 19/79/ ജനറൽ എഡ്യൂക്കേഷൻ (എസ്. ആർ. ഒ. നമ്പർ 276/79).

(3) 1978 നവംബർ 3-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 156/78/ ജനറൽ എഡ്യൂക്കേഷൻ (എസ്. ആർ. ഒ. നമ്പർ 1173/78), 1979 ഫെബ്രുവരി 19-ാം തീയതിയിലെ തിരുത്തൽ വിജ്ഞാപനം നമ്പർ 734/ജെ 1/79/ജനറൽ എഡ്യൂക്കേഷൻ.

LIBRARY ARCHIVES Kerala Legislative Assembly